"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ലൈഫ് ഭവനപദ്ധതി നിർവ്വഹണ പുരോഗതിയിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 'ലൈഫ് മിഷൻ അവാർഡ്" ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഡിഇ)വകുപ്പ്

സ.ഉ.(സാധാ) നം.340/2025/LSGD തീയതി,തിരുവനന്തപുരം, 04-02-2025

---

പരാമർശം:- 1. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 03/01/2025 ലെ എൽ.എം5/റിപ്പോർട്ട്സ്/ലൈഫ്/2019 നമ്പർ കത്ത്.

ഉത്തരവ്

സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയായ ലൈഫ് ഭവനപദ്ധതിയുടെ കാര്യക്ഷമമായ നിർവ്വഹണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് നടന്നു വരുന്നത്. ലൈഫ് ഭവനപദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ച ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും സ്വരാജ് ട്രോഫി, മഹാത്മാ അവാർഡ് മാതൃകയിൽ അവാർഡ് ഏർപ്പെടുത്തി പ്രോത്സാഹനമായി സംസ്ഥാന തലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നിശ്ചയിച്ച് ട്രോഫിയും സർട്ടിഫിക്കറ്റും നൽകുന്നത് പദ്ധതി നിർവ്വഹണത്തെ കാര്യക്ഷമമാക്കുന്നതിന് അഭികാമ്യമായിരിക്കും എന്നും, ഇതിനാവശ്യമായ ചെലവ് ലൈഫ് മിഷന്റെ ഭരണപരമായ ചെലവുകൾക്ക് വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വിനിയോഗിക്കാവുന്നതാണെന്നും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നിർദ്ദേശം സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാരിന്റെ അഭിമാന പദ്ധതിയായ ലൈഫ് ഭവന നിർമ്മാണ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെ ലൈഫ് മിഷൻ അവാർഡ് താഴെ പറയും പ്രകാരം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. 2025 ൽ പഞ്ചായത്ത് ദിനാഘോഷത്തോടനുബന്ധിച്ച് ലൈഫ് ഭവനപദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ച ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും (കോർപ്പറേഷൻ ഉൾപ്പെടെ) പ്രോത്സാഹനമായി സംസ്ഥാനതലത്തിൽ

ഒന്നും രണ്ടും സ്ഥാനങ്ങൾ നിശ്ചയിച്ച് ട്രോഫിയും സർട്ടിഫിക്കറ്റും നൽകുന്ന "ലൈഫ് മിഷൻ അവാർഡ് " ഏർപ്പെടുത്തുന്നു. അവാർഡിന് ആവശ്യമായ തുക 4515-00-102-49 (പ്ലാൻ) ലൈഫ് പാർപ്പിട മിഷൻ (റൂറൽ) എന്ന ശീർഷകത്തിൽ ലൈഫ് മിഷന്റെ ഭരണപരമായ ചെലവുകൾക്ക് വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

ii. 2023-24 വർഷത്തെ " ലൈഫ് മിഷൻ അവാർഡ് " നിർണയിക്കുന്നതിനായി തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ സിഇഒ ലൈഫ് മിഷൻ, തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി, അഡീഷണൽ ഡയറക്ടർ തദ്ദേശസ്വയംഭരണ വകുപ്പ്, ഡെപ്യൂട്ടി സി ഇ ഒ ലൈഫ് മിഷൻ എന്നിവർ അംഗങ്ങളായി ഒരു കമ്മിറ്റി രൂപീകരിക്കുന്നു.

iii. ലൈഫ് മിഷൻ അവാർഡ് നിർണയത്തിനായി ലൈഫ് മിഷൻ നിർദ്ദേശിച്ച മാനദണ്ഡങ്ങൾ കമ്മിറ്റി പരിശോധിച്ച് അന്തിമമാക്കി തുടർ നടപടി സ്വീകരിക്കേണ്ടതാണ് .

iv. തുടർ വർഷങ്ങളിൽ മികച്ച തദ്ദേശസ്ഥാപനങ്ങളെ തിരഞ്ഞെടുക്കുന്ന തിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള (സ്വരാജ് ട്രോഫി, മഹാത്മാ അവാർഡ്) കമ്മിറ്റിയിൽ ലൈഫ് മിഷൻ പ്രതിനിധികളെ ഉൾപെടുത്തി "ലൈഫ് മിഷൻ അവാർഡ് " ജേതാക്കളെ നിശ്ചയിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

കോ -ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി,ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, സ്റ്റാച്യു, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 04-02-2025 14:31:39
സെക്ഷൻ ഓഫീസർ